**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3695** **26-10-2021 - ല്‍ മറുപടിയ്ക്ക്**

**അങ്കമാലി-എരുമേലി ശബരിപാത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോന്‍സ് ജോസഫ്, ശ്രീ. പി. ജെ. ജോസഫ്, ശ്രീ. അനൂപ് ജേക്കബ് , ശ്രീ. മാണി. സി. കാപ്പന്‍ | | Shri.V. Abdurahiman (കായികം, വഖഫ്, ഹജ് തീര്‍ത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി-എരുമേലി ശബരിപാത പദ്ധതി മരവിപ്പിച്ച തീരുമാനം റെയില്‍വേ ബോര്‍ഡ് പുന:പരിശോധിക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ വെളിപ്പെടുത്താമോ; | (എ) | അങ്കമാലി - ശബരി റെയില്‍വേ ലൈനിന്റെ നിര്‍മ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കിഫ്ബി മുഖേന കേരള സര്‍ക്കാര്‍ വഹിക്കുന്നതാണ് എന്ന് സ.ഉ(കൈ) നം. 1/2021/ ഗതാ തീയതി 07.01.2021 പ്രകാരം സര്‍ക്കാര്‍ ഉത്തരവ് പുറപ്പെടുവിക്കുകയും, പ്രസ്തുത തീരുമാനം കേന്ദ്ര റെയില്‍ മന്ത്രാലയം മുമ്പാകെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി തുടര്‍ന്ന് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങള്‍ എത്രയും പെട്ടെന്ന് കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹു. കേന്ദ്ര റെയില്‍വേ വകുപ്പ മന്ത്രിയോട്ടു അഭ്യര്‍ത്ഥിക്കുകയുണ്ടായി. അനുകൂലമായ നിലപാട് എത്രയും പെട്ടെന്ന് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പദ്ധതി ചെലവ് ഏതുരീതിയില്‍ വഹിക്കുമെന്നാണ് റെയില്‍വേ ബോര്‍ഡ് അറിയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | അങ്കമാലി - ശബരി റെയില്‍വേ ലൈനിന്റെ നിര്‍മ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കിഫ്ബി മുഖേന കേരള സര്‍ക്കാര്‍ വഹിക്കുന്നതാണ് എന്ന് സ.ഉ(കൈ) നം. 1/2021/ ഗതാ തീയതി 07.01.2021 പ്രകാരം സര്‍ക്കാര്‍ ഉത്തരവ് പുറപ്പെടുവിക്കുകയും, പ്രസ്തുത തീരുമാനം കേന്ദ്ര റെയില്‍ മന്ത്രാലയം മുമ്പാകെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി തുടര്‍ന്ന് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങള്‍ എത്രയും പെട്ടെന്ന് കൈക്കൊള്ളണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹു. കേന്ദ്ര റെയില്‍വേ വകുപ്പ മന്ത്രിയോട്ടു അഭ്യര്‍ത്ഥിക്കുകയുണ്ടായി. അനുകൂലമായ നിലപാട് എത്രയും പെട്ടെന്ന് ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഈ പദ്ധതിയുടെ എസ്റ്റിമേറ്റും അനുബന്ധ സര്‍വ്വേയും സംബന്ധിച്ച ചുമതലകള്‍ ആരെയാണ് | (സി) | കേരള റെയില്‍ ഡെവലപ്മെന്റ് കോര്‍പ്പറേഷന്‍ ലിമിറ്റഡ് നെയാണ് ഏല്‍പ്പിച്ചിരിക്കുന്നത്. ലിഡാര്‍ |

| | | | |
|---|---|---|---|
| | ഏൽപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിന്റെ സ്ഥലമെടുക്കൽ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ? | | സർവ്വേ നടത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ